"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നവകേരള സദസ്സിൽ ഉയർന്നു വന്ന വികസന പദ്ധതികൾ - തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി)വകുപ്പ്**

സ.ഉ.(കൈ) നം.167/2025/LSGD തീയതി,തിരുവനന്തപുരം, 19-09-2025

---

പരാമർശം:-

1. 30.05.2025 ലെ സ.ഉ.(കൈ)നം.1/2025/PIEMD.
2. 28.07.2025 ലെ സ.ഉ.(കൈ)നം.3/2025/PIEMD.
3. 13.08.2025 ലെ സ.ഉ.(കൈ)നം.നം.144/2025/LSGD.
4. 12.09.2025 ലെ PIEM 1/79/2024-PIEMD-Part(5) നമ്പർ കത്ത്.
5. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 15.09.2025 ലെ LSGD/PD/25359/2025-DB1 നമ്പർ കത്ത്.
6. 16.09.2025 ലെ സ.ഉ.(കൈ) നം.166/2025/LSGD.
7. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 16.09.2025 ൽ ചേർന്ന Administrative Sanction committee യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

നവകേരള സദസ്സിൽ ഉയർന്നു വന്ന വികസന പദ്ധതികളിൽ മലപ്പുറം ജില്ലയുടേതൊഴികെയുള്ള പദ്ധതികളുടെ അന്തിമപട്ടിക അംഗീകരിച്ചുകൊണ്ടും, പദ്ധതി നടത്തിപ്പിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടും, അംഗീകരിച്ച പദ്ധതികൾക്ക് ഭേദഗതി നൽകുന്നതിനായി കമ്മറ്റി രൂപീകരിച്ചുകൊണ്ടും പരാമർശം (1) പ്രകാരം

ഉത്തരവായിരുന്നു.

2. പരാമർശം (1) പ്രകാരം അംഗീകരിച്ച പട്ടികയിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള, മലപ്പുറം ജില്ലയിലെ പദ്ധതികൾ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള അന്തിമ പട്ടിക അംഗീകരിച്ച് പരമർശം (2) പ്രകാരം ഉത്തരവാവുകയും, പരാമർശം (4) പ്രകാരം 3 പ്രവൃത്തികളുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് മാറ്റിക്കൊണ്ടും, പുതിയ 3 പ്രവൃത്തികളുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകിക്കൊണ്ടുമുള്ള പട്ടിക ലഭ്യമാക്കിയിരുന്നു.

3. നവകേരള സദസ്സിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനായി പരാമർശം (3) പ്രകാരം Administrative Sanction committee രൂപീകരിക്കുകയും, 08.09.2025 ൽ ചേർന്ന Administrative Sanction committee അംഗീകരിച്ച 12 പദ്ധതികൾക്ക് പരാമർശം (6) പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

4. 16.09.2025 ൽ ചേർന്ന് Administrative Sanction committee നവകേരള സദസ്സിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 10 പദ്ധതികൾക്ക് പരാമർശം (7) പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്ന 10 പദ്ധതികൾക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

അതോടൊപ്പം പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ തൃക്കടീരി നായർ പടി മാങ്ങോട് റോഡിൽ കാക്കാത്തോടിന് കുറുകെ പുതിയ പാലം നിർമ്മാണവും അപ്രോച്ച് റോഡ് നിർമ്മാണവും, പാലക്കാട് ജില്ലയിലെ പട്ടാമ്പി നിയോജക മണ്ഡലത്തിലെ മുതുതല അൻസാർ- പറക്കാട് -വിയറ്റ്നാം പടി -വെളുത്തൂർ റോഡ്, പാലക്കാട് ജില്ലയിലെ കോങ്ങാട് നിയോജക മണ്ഡലത്തിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിൽ വാർഡ് 11-ൽ തിരുത്തുമ്മൽ പാലം നിർമ്മാണം എന്നീ പ്രവൃത്തികൾ അക്രെഡിറ്റഡ് ഏജൻസി ആയ KEL മുഖേന നടപ്പിലാക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പദ്ധതിയുടെ നിർവ്വഹണ കാലയളവ്, നിബന്ധനകളും വ്യവസ്ഥകളും എന്നിവയ്ക്ക് പി.ഡബ്ല്യൂ.ഡി മാനുവൽ പ്രകാരമുള്ള പൊതുവായ മാനദണ്ഡങ്ങൾ ബാധകമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.ക്കുകയും ചെയ്യിരുന്നു.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ആസൂത്രണ സാമ്പത്തിക കാര്യ  വകുപ്പ്.

ധനകാര്യ വകുപ്പ്.

ട്രഷറി ഡയറക്ടർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)  കേരള,തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 20-09-2025 17:31:11

| ക്രമ നം | ജില്ല | നിയോജക മണ്ഡലം | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക (കോടിയിൽ) |
|---|---|---|---|---|
| 1 | ആലപ്പുഴ | ഹരിപ്പാട് | പ്രതിമുഖം - ചൂരല്ലായ്ക്കൽ റോഡ് നിർമ്മാണം-ഹരിപ്പാട് നഗരസഭ | 1.50 |
| 2 | എറണാകുളം | കൊച്ചി | വാലുമ്മേൽ കോൺവെന്റ് റോഡ് മുതൽ ചിറക്കൽ ജംഗ്ഷൻ വരെ ബിഎംബിസി ഉപയോഗിച്ചുള്ള നവീകരണം | 6.06 |
| 3 | തൃശ്ശൂർ | മണലൂർ | എളവള്ളി ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ പുതിയ കെട്ടിടത്തിന് മുകളിൽ  രണ്ട് നിലകളുടെ നിർമ്മാണം | 3.00 |
| 4 | തൃശ്ശൂർ | കൈപ്പമംഗലം | പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ മൂന്ന്പീടിക ജംഗ്ഷനിൽ ഒരു മാർക്കറ്റ് കെട്ടിടം (സ്ഥലം, മണ്ണ് പരിശോധന പൂർത്തിയായിട്ടുള്ളതാണ്) | 4.00 |
| 5 | പാലക്കാട് | ആലത്തൂർ | ആലത്തൂർ നെല്ലിയാങ്കുന്ന് മലക്കുളം റോഡ് നിർമ്മാണം | 7.00 |
| 6 | പാലക്കാട് | ഷൊർണ്ണൂർ | തൃക്കടീരി നായർ പടി മാങ്ങോട് റോഡിൽ കാക്കാത്തോടിന് കുറുകെ പുതിയ പാലം നിർമ്മാണവും അപ്രോച്ച് റോഡ് നിർമ്മാണവും | 2.00 |
| 7 | പാലക്കാട് | പട്ടാമ്പി | മുതുതല അൻസാർ- പറക്കാട് -വിയറ്റ്നാം പടി -വെളുത്തൂർ  റോഡ് | 4.50 |
| 8 | പാലക്കാട് | കോങ്ങാട് | തച്ചമ്പാറ ഗ്രാമപഞ്ചായത്തിൽ വാർഡ് 11-ൽ തിരുത്തുമ്മൽ പാലം നിർമ്മാണം | 2.00 |
| 9 | കോഴിക്കോട് | കോഴിക്കോട് സൗത്ത് | ചുള്ളിക്കാട് ബ്രിഡ്ജ് നിർമ്മാണം | 2.00 |
| 10 | കണ്ണൂർ | പേരാവൂർ | ചാവശ്ശേരി - കൊട്ടാരം  റോഡ് നവീകരണം | 1.25 |